**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2338** **30-09-2025 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ കെ-സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിൽ നിലവിൽ എത്ര കെ-സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും റേഷൻകടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻകട ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റേഷൻകടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, കശുവണ്ടി വികസന കോർപ്പറേഷൻ ഉല്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. കൂടാതെ CSC രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കെ-സ്റ്റോറുകളിൽ നിന്നും 10,000/- രൂപ വരെ AEPS (Aadhar Enabled Payment System) മുഖേനെ പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള മിനി ബാങ്കിങ് സംവിധാനം, യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്.<br><br>അരൂർ മണ്ഡലത്തിൽ നിലവിൽ 11 കെ-സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ആയവയുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | കെ-സ്റ്റോർ വഴി ജനങ്ങൾക്ക് ഏതെല്ലാം സാധനങ്ങൾ സബ്സിഡി നിരക്കിൽ കൊടുക്കുന്നുണ്ട് എന്ന് വിശദമാക്കാമോ? | (ബി) | കെ-സ്റ്റോർ വഴി ജനങ്ങൾക്ക് മിതമായ നിരക്കിൽ ഉല്പന്നങ്ങൾ വിതരണം ചെയ്തു വരുന്നുണ്ട്. എന്നാൽ സബ്സിഡി സാധനങ്ങൾ നിലവിൽ വിതരണം ചെയ്യുന്നില്ല. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നമ്പർ | FPS നമ്പർ | പഞ്ചായത്ത് |
|---|---|---|
| 1 | 1417104 | തുറവൂർ |
| 2 | 1417241 | ചേന്നം പള്ളിപ്പുറം |
| 3 | 1417256 | പാണാവള്ളി |
| 4 | 1417306 | തുറവൂർ |
| 5 | 1417039 | അരൂർ |
| 6 | 1417041 | അരൂർ |
| 7 | 1417261 | പാണാവള്ളി |
| 8 | 1417069 | തുറവൂർ |
| 9 | 1417108 | പട്ടണക്കാട് |
| 10 | 1417251 | പാണാവള്ളി |
| 11 | 1417035 | പാണാവള്ളി |